## 527

1 കാൽവറി മലമേൽ കാണുന്ന അൻപിൻ സ്വരൂപനാം യേശുവേ
നിന്മരണം കൊണ്ടെന്റെ പാപബന്ധനം നീ നീക്കിയല്ലോ-

ഓർത്തുപാടി സ്തുതിക്കുന്നേ നാഥനേ നിൻ സ്നേഹത്തെ
നിൻകൃപകളോർത്തെന്നും വാഴ്ത്തി വണങ്ങിടുന്നേ

2 കഷ്ടതകൾ ജീവിതത്തിൽ ആഞ്ഞടിക്കും നേരത്തിൽ
തുഷ്ടിയരുളും നാഥൻ എന്നെ ആശ്വസിപ്പിച്ചിടുന്നു-

3 പൂർണ്ണമായ് സമർപ്പിക്കുന്നേ നാഥനേ എൻജീവിതത്തെ
നിൻ വചനത്താലെന്നെ എന്നും ആശീർവ്വദിച്ചിടണമേ-

4 കാത്തുകൺകൾ കൊതിക്കുന്നേ നാഥനേ നിൻ വരവിന്നായ്
എന്നു വന്നു ചേർത്തിടും നീ എന്നെ സ്വർഗ്ഗരാജ്യേ വസിച്ചിടുവാൻ-